Circular Malayalam of File Acad.A3/394/MISAC/2021-22 Approved by DEPUTY REGISTRAR(ACADEMIC) on 24-Feb-2026 02:21 PM - Page 1

**KANNUR UNIVERSITY**
കണ്ണൂർ സർവകലാശാല

അക്കാദമിക് എ വിഭാഗം

---

നമ്പർ. Acad.A3/394/MISAC/2021-22 തീയതി: 24.02.2026

## സർക്കുലർ

വിഷയം:- 2026-27 വർഷത്തേക്ക് സർവകലാശാലയ്ക്ക് കീഴിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ബിരുദ, ബിരുദാനന്തര- ബിരുദ പ്രോഗ്രാമുകളുടെ സീറ്റ് താൽക്കാലികമായി വർദ്ധിപ്പിക്കുന്നതിനുള്ള (Marginal Increase) അപേക്ഷ സ്വീകരിക്കുന്നത് - സംബന്ധിച്ച്

സൂചന :- 1. 18.02.2026 തിയ്യതിയിലെ സിൻഡിക്കേറ്റ് യോഗ തീരുമാനം ഇനം. 2026. 046
2. 23.02.2026 തിയ്യതിയിലെ വൈസ് ചാൻസിലറുടെ ഉത്തരവ്

2026-2027 അദ്ധ്യയനവർഷത്തിലെ ബിരുദ, ബിരുദാനന്തരബിരുദ പ്രോഗ്രാമുകളിലെ സീറ്റുകളുടെ എണ്ണത്തിൽ 'മാർജിനൽ ഇൻക്രീസ്' (അഫിലിയേഷൻ ഉത്തരവിൽ അനുവദിച്ചിട്ടുള്ള സീറ്റുകളുടെ എണ്ണം 2026-27 അക്കാദമിക വർഷത്തേക്ക് താൽകാലികമായി വർദ്ധിപ്പിക്കുന്നത്) ആവശ്യമുള്ള, കണ്ണൂർ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് & സയൻസ് കോളേജുകളിൽ **2025-26 അക്കാദമിക വർഷം ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ അനുവദനീയമായ സീറ്റിൽ 100% പ്രവേശനം നടത്തിയിട്ടുള്ളതും, പ്രോഗ്രാമുകൾ നടത്താനുള്ള ഭൗതിക സാഹചര്യം നിലവിലുള്ളതും , 2024-25 അക്കാദമിക വര്ഷം വരെ അഫിലിയേഷൻ തുടർച്ച ലഭിച്ചതുമായ കോളേജുകൾ മാത്രം, പ്രോഗ്രാമുകൾ ആരംഭിച്ച് മൂന്ന് വർഷം പൂർത്തിയായ ബിരുദ പ്രോഗ്രാമുകൾക്കും, രണ്ട് വർഷം പൂർത്തിയായ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾക്കും (സ്റ്റെബിലൈസ് ചെയ്ത കോഴ്സുകൾക്ക്), മാർജിനൽ ഇൻക്രീസ് നുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്.** അപേക്ഷ, പ്രിൻസിപ്പാൾ മുഖാന്തരം, 2026 **മാർച്ച് 12 ന് 5 മണിക്ക്** മുമ്പായി സർവ്വകലാശാലയിൽ ലഭ്യമാക്കേണ്ടതാണ്. registrar@kannuruniv.ac.in എന്ന email ഐഡിയിലും അപേക്ഷകൾ ഇ മെയിൽ ചെയ്യാവുന്നതാണ്. പ്രസ്തുത സമയപരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.

എയ്ഡഡ്/ അൺ എയ്ഡഡ് കോളേജുകൾ മാർജിനൽ ഇൻക്രീസിന് അപേക്ഷിക്കുന്ന വിഷയങ്ങൾക്ക്, പ്രോഗ്രാം ഒന്നിന് **₹5250/-**(അയ്യായിരത്തി ഇരുനൂറ്റമ്പത് രൂപ) വീതം, 'ഫിനാൻസ് ഓഫീസർ, കണ്ണൂർ യൂണിവേഴ്സിറ്റി' എന്ന പേരിൽ (കണ്ണൂരിൽ മാറാവുന്ന) ഡിമാൻഡ് ഡ്രാഫ്റ്റായോ, ഓൺലൈൻ പേയ്മെന്റ് മുഖാന്തരമോ (Finance Officer Kannur University, A/C No.57015176715 SBI, South Bazar, Kannur, IFSC: SBIN0008551) ഫീസടച്ച് അപേക്ഷിക്കേണ്ടതാണ്. ഗവൺമെൻറ്, IHRD കോളേജുകൾ പ്രസ്തുത ഫീസ് അടക്കേണ്ടതില്ല.

സംശയ നിവാരണത്തിന് ബന്ധപ്പെടേണ്ട നമ്പർ: 0497 2715223

cular Malayalam of File Acad.A3/394/MISAC/2021-22 Approved by DEPUTY REGISTRAR(ACADEMIC) on 24-Feb-2026 02:21 PM - Page 2

മാർജിനൽ ഇൻക്രീസിനുള്ള അപേക്ഷകൾ താഴെപറയുന്ന രീതിയിൽ വിവരങ്ങൾ ഉൾക്കൊള്ളിച്ച് സമർപ്പിക്കേണ്ടതാണ്. മാർജിനൽ ഇൻക്രീസ് ആവശ്യമില്ലാത്ത പ്രോഗ്രാമുകൾ ഉൾപ്പെടെ എല്ലാ പ്രോഗ്രാമുകളുടെയും വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

കോളേജിന്റെ പേര് :

| Sl. No. | Name of Programme | Sanctioned Intake (**excluding** Marginal increase, sanctioned last year) | Marginal Increase required for 2026-27 | No. of Vacant seats in 2025 -26 | No.of Vacant seats in 2024 -25 |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |

ഒപ്പ് /-

**ബിന്ദു കെ. പി. ജി**

ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാഡമിക്)

രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

പ്രിൻസിപ്പാൾമാർ ,അഫിലിയേറ്റഡ് ആർട്സ് & സയൻസ് കോളേജുകൾ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ